**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2135** **21-06-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ബീച്ച് ഫയർസ്റ്റേഷന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അഹമ്മദ് ദേവർകോവിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട് ബീച്ച് ഫയർസ്റ്റേഷൻ കെട്ടിടത്തിൻെറ ഫിറ്റ്നസ് റദ്ദായതിനാൽ പ്രസ്തുത ഫയർസ്റ്റഷനിലെ ഉദ്യോഗസ്ഥരെ മറ്റ് സ്റ്റേഷനുകളിലേക്ക് വിഭജിച്ച് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>കോഴിക്കോട് ബീച്ച് ഫയർ സ്റ്റേഷൻ കെട്ടിടം കാലപ്പഴക്കം ആയതിനെ തുടർന്നു പൊതുമരാമത്ത് റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ നിലയത്തിലെ രണ്ട് വാഹനങ്ങളും ക്രൂവും ഒഴികെ മറ്റ് ജീവനക്കാരെയും, വാഹനങ്ങളും, അനുബന്ധ ഉപകരണങ്ങളും കോഴിക്കോട് ജില്ലയിലെ സമീപ നിലയങ്ങളിലേക്ക് മാറ്റിയിട്ടുണ്ട്. |
| (ബി) | പുതിയ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി എന്ന് തുടങ്ങുമെന്നും ഇതിനായി എത്ര തുകയാണ് അനുവദിച്ചതെന്നും വിശദമാക്കാമോ? | (ബി) | നടപ്പ് സാമ്പത്തിക വർഷം തുക വകയിരുത്തിട്ടില്ല. പുതിയ ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടുള്ള താൽക്കാലിക ഡ്രോയിംഗ്, സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് എന്നിവ പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലാണ്. ആയതിലേക്കായി 17 കോടി രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പിന് നൽകിയിരിക്കയാണ്. നടപടികൾ പൂർത്തിയായി ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് പുതിയ കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ